"ഭരണ ഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ. എ5/5492/2014

ഡയറക്ടറേറ്റ് ഓഫ് ട്രെയിനിങ്,
ലേബർ കോംപ്ലക്സ്,
4th & 5th ഫ്ലോർ
വികാസ് ഭവൻ ,
തിരുവനന്തപുരം -33
14.11.2017

**സർക്കുലർ**

വിഷയം:- "ഭരണ മലയാളം" എന്ന പേരിൽ ഔദ്യോഗിക ഭാഷ വകുപ്പ് തയ്യാറാക്കിയ ഓൺലൈൻ നിഘണ്ടു -സർക്കുലർ ഭേദഗതി -സംബന്ധിച്ച്.

സൂചന :- 18.7.2017 ലെ ഔഭാ 4/2/2017 /ഉഭ പ വ നമ്പരായ സർക്കാർ ചുറ്ററിയിപ്പ്

സംസ്ഥാനത്തെ ഭരണ ഭാഷ പൂർണ്ണമായും മാതൃഭാഷയായ മലയാളത്തിലായിരിക്കണമെന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് സഹായകമായ രീതിയിൽ "ഭരണ മലയാളം " എന്ന പേരിൽ ഔദ്യോഗിക ഭാഷ വകുപ്പ് തയ്യാറാക്കിയ ഓൺലൈൻ നിഘണ്ടു സംബന്ധിച്ച വിവരങ്ങളടങ്ങിയ ഭേദഗതി ചെയ്ത സർക്കാർ ചുറ്ററിയിപ്പ് എല്ലാ സ്ഥാപന മേധാവികളുടെയും ,ഉദ്യോഗസ്ഥരുടേയും അറിവിലേക്കായി ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു .

പി.കെ മാധവൻ
അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിങ്

സ്വീകർത്താവ്

എല്ലാ സ്ഥാപന മേധാവികൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും

**ഭരണഭാഷ -മാതൃഭാഷ**

26 JUL 2017

**കേരളസർക്കാർ**

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്**

നമ്പർ. ഔഭ4/2 /2017/ഉഭപവ.

തിരുവനന്തപുരം,
തീയതി 18.07.2017.

## സർക്കുലർ

വിഷയം:- ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്- ഭരണമലയാളം എന്ന പേരിൽ ഔദ്യോഗികഭാഷാ വകുപ്പ് തയ്യാറാക്കിയ ഓൺലൈൻ നിഘണ്ടു - സർക്കുലർ ഭേദഗതി - സംബന്ധിച്ച്.

സൂചന :- 04.05..2017-ലെ നം.2/ഔഭ4/2017/ ഉഭപവ. നമ്പർ സർക്കുലർ

സംസ്ഥാനത്തെ ഭരണഭാഷ പൂർണ്ണമായും മാതൃഭാഷയായ മലയാളത്തിലായിരിക്കണമെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിതലക്ഷ്യം. ഈ നയം പ്രാവർത്തികമാക്കുന്നതിന് സഹായകമായ രീതിയിൽ 'ഭരണമലയാളം' എന്ന പേരിൽ ഔദ്യോഗികഭാഷാ വകുപ്പ് ഒരു ഓൺലൈൻ നിഘണ്ടു തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഓൺലൈൻ നിഘണ്ടുവിൽ, ഭരണരംഗത്തുപയോഗിക്കുന്ന ഇരുപതിനായിരത്തോളം പദങ്ങളും പ്രയോഗങ്ങളും അവയുടെ നിരവധി മലയാളരൂപങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. തെറ്റില്ലാത്ത ഭരണമലയാളം, വകുപ്പുതല സാങ്കേതിക പദകോശം, സംജ്ഞാമലയാളീകരണം സംബന്ധിച്ച നിർദ്ദേശങ്ങൾ, ഭരണഭാഷാമാതൃകകൾ, ടൈപ്പിങ് ഉപകരണങ്ങൾ തുടങ്ങിയവ ഈ ഓൺലൈൻ നിഘണ്ടുവിലുണ്ട്. പ്രസ്തുത നിഘണ്ടു glossary.kerala.gov.in. എന്ന ഡൊമെയ്ൻ വിലാസത്തിൽ ലഭ്യമാണ്. കൂടാതെ, ഭരണഭാഷ സംബന്ധിച്ച 'ഭരണമലയാളം' മൊബൈൽ ആപ്ലിക്കേഷൻ ഓൺലൈൻ നിഘണ്ടുവിൽ നിന്നോ ഗൂഗിൾ പ്ലേസ്റ്റോറിൽനിന്നോ (bharanamalayalam) ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതുമാണ്.

മലയാളം കമ്പ്യൂട്ടിങ് പ്രചാരണപരിപാടിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ

സർക്കാർ ഓഫീസുകളിൽ തയ്യാറാക്കുന്ന കത്തുകളും മറ്റുവിവരങ്ങളും "യൂണിക്കോഡ്" അധിഷ്ഠിതമായിരിക്കണമെന്ന് ഐ.ടി.വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം എല്ലാ ഉദ്യോഗസ്ഥരും കർശനമായി പാലിക്കേണ്ടതാണ്. മലയാളം കമ്പ്യൂട്ടിങ് പരിശീലനം ലഭിച്ചിട്ടില്ലാത്തവർ, കുറഞ്ഞപക്ഷം, ഗൂഗിൾ ലിപ്യന്തരണം (transliteration) പോലുള്ള സോഫ്റ്റ് വെയറുകളിലൂടെ യൂണികോഡ് മലയാളം ഉപയോഗിക്കേണ്ടതും, തുടർന്ന് വകുപ്പുതല പരിശീലനകേന്ദ്രങ്ങളിലൂടെ യൂണികോഡ് പരിശീലനം നേടേണ്ടതുമാണ്.

**കെ.ആർ.ജ്യോതിലാൽ**
**സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/ സ്പെഷ്യൽ സെക്രട്ടറി
സെക്രട്ടേറിയറ്റിലെ എല്ലാ അണ്ടർ സെക്രട്ടറിമാർക്കും സെക്ഷൻ ഓഫീസർമാർക്കും
സെക്രട്ടേറിയറ്റിലെ ധനകാര്യം/നിയമം ഉൾപ്പെടെ എല്ലാ വകുപ്പുകളിലെ സെക്ഷനുകൾക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ് മേധാവികൾക്കും
സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖല/അർദ്ധ സർക്കാർ/
സ്വയംഭരണ/ സഹകരണ സ്ഥാപനങ്ങളുടെ തലവൻമാർക്ക്
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Ajith
സെക്ഷൻ ഓഫീസർ